ADFW/3644/2022-TV(1)

കാർഷിക വികസന കർഷകക്ഷേമ
വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി - 30.07.2022

# സർക്കുലർ

വിഷയം: ചിങ്ങം 1 - കർഷകദിനാചരണം 2022 - പ്രവർത്തന നിർദ്ദേശങ്ങൾ പുറപ്പെടുവിപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന : 1. 13.06.2022 ലെ സ.ഉ (ആർ.റ്റി) നം. 532/2022/കൃഷി

2. 30.06.2022 ലെ സർക്കുലർ നം. ADFW/6142/2022- റ്റി.വി (1)

2022 ചിങ്ങം 1 (17.08.2022) കർഷകദിനത്തോടനുബന്ധിച്ച് എല്ലാ കൃഷിഭവനുകളിലും താഴെപ്പറയും പ്രകാരം കർഷക ദിനാചരണം നടത്തുന്നതിന് നിർദ്ദേശം നൽകുന്നു.

കർഷകദിനത്തിൽ രാവിലെ 7 മണിക്കും 8 മണിക്കും ഇടയിൽ പഞ്ചായത്തുകളിലെ എല്ലാ വാർഡുകളിലും ഒരു പുതിയ കൃഷിയിടം കണ്ടെത്തി കൃഷി തുടങ്ങേണ്ടതാണ്. അതാത് വാർഡ് മെമ്പർമാരുടെ മേൽനോട്ടത്തിൽ ടി കൃഷിയിടം ഉത്ഘാടനം ചെയ്യപ്പെടേണ്ടതും കൃഷിയിടത്തിൽ പുതുതായി കൃഷി ചെയ്യുന്നതിന്റെ ഉത്ഘാടന സെൽഫി ഫോട്ടോ/വീഡിയോ അന്നു തന്നെ 3 മണിക്ക് മുമ്പായി കൃഷി ഓഫീസർമാർ മുഖാന്തിരം എഫ്.ഐ .ബിക്ക് നൽകേണ്ടതാണ്. ആയതിനായി കൃഷിഭവൻ ഉദ്യോഗസ്ഥ ർ നേതൃത്വം നൽകേണ്ടതും യഥാസമയം പുതിയ കൃഷിയിടം ഉത്ഘാടനം ചെയ്യുന്ന കാര്യം ഉറപ്പു വരുത്തേണ്ടതും പരമാവധി വാർഡുകളിൽ പങ്കെടുക്കേണ്ടതുമാണ്. ഇങ്ങനെ അയക്കുന്ന മികച്ച സെൽഫി ഫോട്ടോ/വീഡിയോയ്ക്ക് അവാർഡു നൽകുന്നതാണ്.

ചിങ്ങം 1ന് കർഷകരെ ആദരിക്കേണ്ടതാണ്. പുതിയ കൃഷിയിടം ഉത്ഘാടനത്തിന് ശേഷം കൃഷിദർശൻ പരിപാടിയുടെ പ്രചരണാർത്ഥം ഓരോ വാർഡിൽ നിന്നും എല്ലാ കൃഷിക്കൂട്ടങ്ങളെയും പങ്കെടുപ്പിച്ച് ഒരു വിളംബര ജാഥ ഒരു സ്ഥ ലത്ത് കേന്ദ്രീകരിച്ചതിനു ശേഷം കർഷകദിനാചരണം നടത്തുന്ന സ്ഥ ലത്തേക്ക് വരേണ്ടതും കർഷകദിനം ഒരു പൊതുസ്ഥ ലത്ത് ആചരിക്കേണ്ടതുമാണ്.

പൊതുയോഗം അതാതു പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ 1076 പഞ്ചായത്തുകളിലും നടത്തേണ്ടതാണ്. പൊതുയോഗത്തിൽ വേദിയിൽ ഒരു മുതിർന്ന കർഷകന്റെ സാന്നിദ്ധ്യം ഉണ്ടാകേണ്ടതും ടിയാളെ പ്രത്യേകമായി ആദരിക്കേണ്ടതുമാണ്.

കർഷകദിനാചരണത്തിനായി എല്ലാ കൃഷിഭവനുകളിലും പഞ്ചായത്ത് പ്രസിഡന്റ്/മുനിസിപ്പൽ ചെയർമാൻ/മേയർ എന്നിവരുടെ നേതൃത്വത്തിൽ കൃഷി ഓഫീസർ കൺവീനറായി ഒരു സ്വാഗത സംഘം രൂപീകരിക്കേണ്ടതാണ്. ഈ കമ്മിറ്റിയിൽ സ്ഥ ലം എം.പി, എം.എൽ.എ, ജില്ലാ പഞ്ചായത്ത് മെമ്പർമാർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ, ഗ്രാമപഞ്ചായത്ത് മെമ്പർമാർ, കാർഷിക വികസന സമിതി അംഗങ്ങൾ, അഗ്രോസർവ്വീസ് സെന്റർ/കാർഷിക കർമ്മസേന പ്രതിനിധികൾ, കൃഷിക്കൂട്ടം/പാടശേഖര

സമിതി പ്രതിനിധികൾ, അതാത് ബ്ലോക്കിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ തുടങ്ങിയവർ ഉണ്ടാകേണ്ടതാണ്.

സ്വാഗത സംഘം 04.08.2022 ന് മുമ്പ് കൂടേണ്ടതും ചിങ്ങം 1ന് ആദരിക്കേണ്ട പഞ്ചായത്തിലെ മികച്ച കർഷകരെ കണ്ടെത്തേണ്ടതുമാണ്.

ജൈവകൃഷി അവലംബിക്കുന്നവർ, മികച്ച സ്ത്രീ കർഷക, വിദ്യാർത്ഥി കർഷകൻ/കർഷക, മുതിർന്ന കർഷകൻ/കർഷക, SC/ST വിഭാഗത്തിലുള്ള കർഷകർ തുടങ്ങിയവർ ഉറപ്പായും ആദരിക്കേണ്ട കർഷകരിൽ ഉൾപ്പെടുത്തേണ്ടതാണ്.

വാർഡ്തലത്തിൽ നടക്കുന്ന കൃഷിയിടം ഉത്ഘാടനം കഴിഞ്ഞ തിന് ശേഷം പഞ്ചായത്ത് തലത്തിലുള്ള പൊതുയോഗം അതാത് ജനപ്രതിനിധികളുടെ സൗകര്യാർത്ഥം നിശ്ചയിക്കാവുന്നതാണ്. മറ്റു കൃഷി അനുബന്ധമേഖലകളിലുള്ളവരെയും ഇതിലേക്ക് ക്ഷണിക്കാവുന്നതാണ്.

എല്ലാ കൃഷിഭവനുകളും കർഷകദിനത്തിൽ വൃത്തിയായി അലങ്കരിക്കേണ്ടതാണ്. പ്ലാസ്റ്റിക്/ഫ്ലക്സ് ബോർഡുകൾ ഒഴിവാക്കേണ്ടതാണ്. കർഷകദിനത്തിനായുള്ള ബാനറിന്റെ മാതൃക ഫാം ഇൻഫർമേഷൻ ബ്യൂറോ രൂപകൽപ്പന ചെയ്ത് നൽകുന്നതാണ്.

കർഷകദിനത്തോടനുബന്ധിച്ചുള്ള യോഗത്തിൽ സമകാലീന പ്രാധാന്യമുള്ള കാർഷിക വിഷയങ്ങളിൽ സെമിനാർ സംഘടിപ്പിക്കേണ്ടതുമാണ്.

കർഷകദിനത്തിന്റെ വിജയകരമായ നടത്തിപ്പിന് ജില്ലാ കൃഷി ഓഫീസർ, കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഇ & റ്റി) എന്നിവർ നേതൃത്വം നൽകേണ്ടതും, ഓരോ ബ്ലോക്കിലും ചുമതലയുള്ള കൃഷി ഡെപ്യൂട്ടി ഡയറക്ടർമാർ കർഷകദിനത്തിൽ നിർബന്ധമായും പങ്കെടുക്കേണ്ടതുമാണ്.

ബഹു. കൃഷി മന്ത്രിയുടെ "കൃഷിദർശൻ" പരിപാടിയെ കുറിച്ച് കർഷകദിനത്തിൽ വ്യാപകമായ പരസ്യം നൽകേണ്ടതാണ്. കൂടാതെ സെൽഫി/ഫോട്ടോ/വീഡിയോ മത്സരത്തിനെക്കുറിച്ചും കർഷകർക്ക് മുൻകൂട്ടി അറിവ് നൽകേണ്ടതാണ്.

കർഷകദിനത്തിലേക്ക് ആവശ്യമായ തുക 2401-00-109-80 (പ്ലാൻ) ശീർഷകത്തിൽ സ്ട്രെങ്ത്തനിംഗ് ഓഫ് അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ 2022-23 പദ്ധതിയുടെ പബ്ലിക് പാർട്ടിസിപ്പേഷൻ എന്ന ഘടകത്തിൽ നിന്നും വഹിക്കേണ്ടതാണ്. ഒരു കൃഷിഭവന് കർഷകദിനം നടത്തിപ്പിനായി 5000 രൂപ പരമാവധി ചെലവഴിക്കാവുന്നതാണ്. സ്പോൺസർഷിപ്പ് വഴി കൂടുതൽ പരിപാടികൾ ഏറ്റെടുത്ത് നടത്താവുന്നതാണ്.

പൊതു പരിപാടികൾ സംഘടിപ്പിക്കുമ്പോൾ നിലവിലുള്ള കോവിഡ് - 19 മാനദണ്ഡങ്ങൾ പാലിക്കുന്നു എന്ന് ബന്ധപ്പെട്ടവർ ഉറപ്പാക്കേണ്ടതാണ്.

ഒപ്പ്/-

**കൃഷി ഡയറക്ടർ**

എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും

Asst. Director of Agriculture (AR & T)
Directorate of Agriculture,
Vikas Bhavan, Thiruvananthapuram